ജില്ലാ കളക്ടർ & ചെയർമാൻ ഡി ഡി എം എ വയനാടിന്റെ നടപടിക്രമം

ഹാജർ( ഡോ. അദീല അബ്ദുള്ള ഐ എ എസ് )

വിഷയം : കോവിഡ് സെന്റർ-നടത്തിപ്പ് സംബന്ധിച്ച്

സൂചന : ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 25/03/2020 തീയ്യതിയിലെ No 31/F2/2020/ Health-നം ഉത്തരവ്.

ജില്ലയിൽ കോവിഡ് കെയർ സെന്ററുകളുടെ സുഗമമായ നടത്തിപ്പിന് ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തി സർക്കാരിൽ നിന്നും മേൽ സൂചന പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കോവിഡ് കെയർ സെന്റർ മാനേജ് ചെയ്യേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അതത് വാർഡ് മെമ്പർ ആയിരിക്കണം.
2. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ കീഴിലുള്ള കോവിഡ് കെയർ സെന്ററുകളിൽ ഭക്ഷണം, വെള്ളം, ശുചിയാക്കൽ, വെയ്സ്റ്റ് മാനേജ്മെന്റ് മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവ സുഗമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3. ഇതിനാവശ്യമായിട്ടുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കേണ്ടതാണ്.
4. ആരോഗ്യ വകുപ്പ് ആവശ്യമായിരിക്കുന്ന മെഡിക്കൽ സഹായം കോവിഡ് കെയർ സെന്ററുകളിൽ സമയാസമയങ്ങളിൽ നൽകേണ്ടതാണ്.
5. എല്ലാ കോവിഡ് കെയർ സെന്ററുകളിലും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
6. ഇവിടെ ഒരു വളണ്ടിയർ ഹെൽത്ത് വർക്കറെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിയമിക്കേണ്ടതാണ്.
7. ഇവിടേക്ക് ആവശ്യമായ ഡോക്ടർ, നഴ്സ് എന്നിവരുടെ സേവനം ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതും, സ്ഥിതി വിവരം എല്ലാ ദിവസവും പഞ്ചായത്ത് ഡെ ഡയറക്ടർ ശേഖരിക്കേണ്ടതും deocwyd@gmail.com എന്ന് വിലാസത്തിൽ അയക്കേണ്ടതുമാണ്.

27/03/2020

ജില്ലാ കളക്ടർ & ചെയർമാൻ ഡി ഡി എം എ

വയനാട്

പകർപ്പ്

ഡെ ഡയറക്ടർ , പഞ്ചാത്ത് (തദ്ദേശ സ്ഥാപനങ്ങൾക്ക് (മുനിസിപാലിറ്റി ഉൾപ്പടെ കൈമാറുന്നതിന്)

ജില്ലാ മെഡിക്കൽ ഓഫീസർ, വയനാട്